## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627 — 11.12..2012 ലെ മറുപടിയ്ക്ക്

### ലോട്ടറി മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരള ഭാഗ്യക്കുറി അന്യസംസ്ഥാനങ്ങളിലേക്ക് കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന ഭാഗ്യക്കുറികൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യം ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഓരോ ലോട്ടറിയും നറുക്കെടുപ്പിന് 21 ദിവസം മുമ്പ് വിൽപ്പന ആരംഭിച്ചിരുന്നത് ഇപ്പോൾ 14 ദിവസം മുമ്പ് ആക്കി ചുരുക്കിയിട്ടുണ്ട്. വൻകിട ഏജന്റുമാരെയും, ലോട്ടറി കുത്തകവൽക്കരണവും പ്രോത്സാഹിപ്പിക്കാത്ത വിധത്തിൽ ചെറുകിട കച്ചവടക്കാർക്കും/ ഏജന്റുമാർക്കും പ്രഥമ പരിഗണന നൽകിയാണ് ജില്ലാ ഓഫീസുകളിൽ ടിക്കറ്റ് വിൽപ്പന നടത്തുന്നത്. വിൽപ്പന ശാലകൾ രജിസ്റ്റർ ചെയ്യുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലാണ്.. പരാതികൾ തത്സമയം തന്നെ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും അന്വേഷിക്കുന്നതിനും ജില്ലതല/സംസ്ഥാനതല മോണിറ്ററിംഗ് സെല്ലുകൾ വഴി നടപടികൾ കൈക്കൊള്ളുന്നുണ്ട്. അന്യസംസ്ഥാനങ്ങളിലെ പത്ര മാധ്യമങ്ങളിൽ വകുപ്പിന്റെ അനുമതിയില്ലാതെ നറുക്കെടുപ്പ് ഫലങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ കേരള ഭാഗ്യക്കുറിയുടെ വിൽപ്പനയും, വാങ്ങലും നിയമ ലംഘനമാണെന്നും ടി പരസ്യപ്പെടുത്തലുകൾ വകുപ്പിന്റെ അറിവോടെയും സമ്മതത്തോടെയുമല്ലെന്നും ഇത്തരത്തിലുള്ള നടപടി 1998 ലെ ലോട്ടറി റഗുലേഷൻ ആക്റ്റ് പ്രകാരം നിയമ വിരുദ്ധമാണെന്നും ഇത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ലോട്ടറി ഏജന്റുമാരെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുവാനും ലോട്ടറി മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (സി) അനധികൃത ലോട്ടറികൾക്കെതിരെയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിനും കേന്ദ്ര/സംസ്ഥാന ലോട്ടറി നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും G.O(Rt) No.26/12/TD Dated 07.01.2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)-നെ മേധാവിയാക്കി നിയമിച്ചുകൊണ്ട് സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിനും, ഓരോ ജില്ലയിലും അതാത് ജില്ലാ കളക്ടർമാരെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. FIR രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ ഏജന്റുമാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.